(ബി) ഈ സ്ഥിതി വിശേഷം മാറ്റിയെടുക്കാൻ തൊഴിൽ നിയമം ലംഘിക്കുന്നവർക്ക് കനത്ത ശിക്ഷ നൽകാൻ നിയമത്തിനാവശ്യമായ ഭേദഗതി വരുത്തുമോ?

ഉത്തരം

(എ) തൊഴിൽ നിയമലംഘനകേസ്സുകളിൽ നിയമലംഘകർക്ക് നാമമാത്രമായ ശിക്ഷ മാത്രം നൽകുന്നതു മൂലമാണ് തൊഴിൽ ലംഘന കേസുകൾ ക്രമാതീതമായി വർദ്ധിക്കുന്നത് എന്നു ഗവൺമെൻറിനു അഭിപ്രായമില്ല.

(ബി) കനത്ത ശിക്ഷ തൊഴിൽ നിയമലംഘനത്തിനു പ്രതിവിധിയാകുമോ എന്നു പരിശോധിക്കാവുന്നതാണ്.

തൊഴിൽ നിയമങ്ങൾ പരിഷ്കരിക്കുവാൻ ഉദ്ദേശ്യം

744 [1089] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ തൊഴിൽ നിയമങ്ങൾ പുതുക്കി കാലോചിതമായി പരിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ മാറ്റുന്നതിനുള്ള കാരണങ്ങൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്. തൊഴിൽ നിയമങ്ങൾ പരിശോധിച്ച് വേണ്ട ഭേദഗതികൾ നിർദ്ദേശിക്കുവാൻ ലേബർ വകുപ്പ് ഉദ്യോഗസ്ഥൻമാരുടെ ഒരു കമ്മിറ്റിയെ ഗവൺമെൻറ് നിയമിച്ചിട്ടുണ്ട്.

(ബി) എല്ലാ നിയമങ്ങളിലും എന്നതുപോലെ തൊഴിൽ നിയമങ്ങളിലും കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തേണ്ടതുണ്ട് എന്നു ഗവൺമെൻറ് വിശ്വസിക്കുന്നതാണ് കാരണം.

നെമ്മിനി, അമ്മിനിക്കാട് റിസർവ്വോയറുകൾ

745 [1090] ശ്രീ കെ. കെ. എസ്. തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ നെമ്മിനി, അമ്മിനിക്കാട് റിസർവ്വോയറുകൾക്ക് എസ്റ്റിമേറുകൾ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) ഈ പ്രവർത്തികൾ എന്ന് ആരംഭിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) നെമ്മിനി റിസർവ്വോയറിൻറെ പണി വരുന്ന സാമ്പത്തിക വർഷത്തിൽ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly